ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : സർ, വ്യക്തികളുടെ കൈയിൽ ഉദാഹരണം പറഞ്ഞാൽ പഴയ ഇല്ലങ്ങളിലും മനകളിലുമൊക്കെത്തന്നെ വിലപ്പെട്ട സാധനങ്ങളുണ്ട്. ഉദാഹരണത്തിന് താളിയോലഗ്രന്ഥങ്ങളുണ്ട്. പഴയ തലമുറയാണെങ്കിൽ ഇത് പരിരക്ഷിക്കാനുള്ള ഒരു താല്പര്യമില്ലായ്മകൊണ്ടും പുതിയ തലമുറയ്ക്ക് ഉള്ള നിഷേധഭാവം കൊണ്ടും അറിവിന്റെ അക്ഷയഖനികളായ ഈ താളിയോലഗ്രന്ഥങ്ങൾ പോലും നശിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് വ്യക്തികളിൽനിന്നും ഇതുവാങ്ങി പരിരക്ഷിക്കുന്നതിന് ആർക്കിയോളജി ഡിപ്പാർട്ടുമെന്റിന് എന്തെങ്കിലും വകുപ്പുണ്ടോ? ഉണ്ടെങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, ആർക്കിയോളജി ഡിപ്പാർട്ടുമെന്റിൽ ഇപ്പോഴുള്ള രേഖകളെല്ലാം സംരക്ഷിക്കുന്നതിനുവേണ്ടി ആധുനികമായ നടപടികൾ എടുത്തിട്ടുണ്ട്. പല സ്ഥലത്തുനിന്നും സൗജന്യമായി വിട്ടുതരാമെന്ന് ആവശ്യപ്പെട്ടത് പരിശോധിച്ച് സൗജന്യമായി ഇവ ലഭ്യമാക്കുന്നുണ്ട്. കഴിഞ്ഞ മാസത്തിൽത്തന്നെ മാനുസ്ക്രിപ്റ്റ് ലൈബ്രറിയിൽ അതിന്റെ വലിയൊരു ശേഖരം 10-500 ഓളം താളിയോല ഗ്രന്ഥങ്ങൾ ഞാൻ തന്നെ പോയി ഉദ്ഘാടനം ചെയ്യുകയുണ്ടായി. പക്ഷെ വിലകിട്ടണമെന്ന് നിർബന്ധിക്കുന്ന ആളുകളുടെ കാര്യത്തിൽ അതിന് വില നിശ്ചയിച്ചുവരാൻ വളരെ താമസം വരും. എന്നാൽ സൗജന്യമായി തരാമെന്നുപറഞ്ഞത് തീർച്ചയായും ഗവൺമെന്റ് ഏറ്റെടുത്ത് ആവശ്യമായ രൂപത്തിൽ മാനുസ്ക്രിപ്റ്റ് ലൈബ്രറിയിൽ സൂക്ഷിച്ചുവയ്ക്കുന്നതാണ്.

മി.സ്പീക്കർ : ചോദ്യം നമ്പർ 234, ശ്രീ. ലോനപ്പൻ നമ്പാടൻ, യേസ് ബഹുമാനപ്പെട്ട ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി ശ്രീ. ടി.കെ. രാമകൃഷ്ണൻ

4 (*234) സംസ്ഥാനത്തെ മൃഗശാലകളുടെ നവീകരണം

ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എ. അലിഹസ്സൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മൃഗശാലകൾ നവീകരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധമായി സർക്കാർ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം ആവശ്യമുണ്ടോ;

(ഡി) സെൻട്രൽ സൂ അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുത്ത് മൃഗശാല നവീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) മൃഗങ്ങൾക്ക് സൈരമായി കഴിയുന്നതിന് പര്യാപ്തമായ ആധുനിക രീതിയിലുള്ള കൂടുകൾ നിർമ്മിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) മൃഗങ്ങളുടെ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നതിന് വിദഗ്ദ്ധ മൃഗ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുമോ;

(ജി) സംസ്ഥാനത്ത് ഇന്നുള്ള മൃഗശാലകളിൽ ഏതെങ്കിലും മാതൃകാ മൃഗശാല ആക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ,

(എ),(ബി),(സി)&(ഡി). സംസ്ഥാനത്തെ മ്യൂസിയം, മൃഗശാല വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം മൃഗശാല നവീകരിക്കുന്നതിനായി സെൻട്രൽ സൂ അതോറിറ്റിയുടെ നിർദ്ദേശപ്രകാരം ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ ശുപാർശപ്രകാരം 2002-2003-ൽ പൂർത്തീകരിക്കത്തക്കവിധം ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി നവീകരണ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു. മാസ്റ്റർ പ്ലാനിന്റെ ലേ ഔട്ടിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. 500 ലക്ഷം രൂപ അടങ്കൽ തുകയുള്ള പ്രസ്തുത പ്രോജക്ട് റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ഇനി പറയുന്നവയാണ്.

1) മൃഗശാലയോടനുബന്ധിച്ച് പുതുതായി പൊന്നും വിലകൊടുത്ത അഞ്ചരയേക്കർ സ്ഥലത്ത് ആന, കാണ്ടാമൃഗം, ഹിപ്പോപ്പൊട്ടാമസ് എന്നീ മൃഗങ്ങൾക്ക് തുറസ്സായി വിഹരിക്കുന്നതിനുള്ള വാസസ്ഥലങ്ങൾ നിർമ്മിക്കുക.

2) മൃഗശാലയുടെ പ്രവേശന കവാടങ്ങൾ മാറ്റി സ്ഥാപിക്കുക.

3) ഇപ്പോഴുള്ള ചെറിയ കൂടുകൾ വലുതാക്കുക.

4) കുരങ്ങൻമാർ പോലുള്ള ജീവികൾക്ക് തുറസ്സായ വാസസ്ഥലങ്ങൾ നിർമ്മിക്കുക.

5) മാംസഭുക്കുകളായ വന്യമൃഗങ്ങളുടെ കൂടുകൾ വലുതാക്കി പുനരുദ്ധരിക്കുക.

6) ഇപ്പോഴുള്ള മൃഗാശുപത്രി ആധുനിക സംവിധാനങ്ങളോടുകൂടി പുതുക്കി സജ്ജീകരിക്കുക.

7) ഗാർഡൻ സെക്ഷൻ ഇപ്പോഴുള്ള സ്ഥലത്തുനിന്നും മാറ്റി ഉരഗ വർഗ്ഗങ്ങളായ ജീവികളെ അവിടെ പാർപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

8) മൃഗശാലയ്ക്കുള്ളിലെ തടാകം വൃത്തിയാക്കുകയും ആകർഷകമാക്കുകയും ചെയ്ത് ജലത്തിൽ വളരുന്ന പക്ഷികളെ പാർപ്പിക്കുക.

9) മൃഗശാലയ്ക്കുള്ളിലെ റോഡുകൾ പുതുക്കി നിർമ്മിക്കുക.

തൃശ്ശൂർ മൃഗശാല കൂടുതൽ സ്ഥലസൗകര്യമുള്ളിടത്തേക്കുമാറ്റി സ്ഥാപിച്ച് വികസിപ്പിക്കുന്നതിനായി തൃശ്ശൂർ ജില്ലയിലെ പുത്തൂർ എന്ന പ്രദേശത്തുനിന്നും ആവശ്യമായ വനഭൂമി ലഭ്യമാക്കാൻ കഴിയുമോ എന്നകാര്യം വനംവകുപ്പുമായി കൂടിയാലോചിച്ചു വരികയാണ്.

(ഇ) നവീകരണ പദ്ധതി പൂർത്തിയായി കഴിയുന്നതോടുകൂടി തിരുവനന്തപുരം മൃഗശാലയിലെ കൂടുകളെല്ലാം മൃഗങ്ങൾക്ക് സൈരമായി കഴിയുന്നതിന് പര്യാപ്തമായ ആധുനിക രീതയിലുള്ള കൂടുകളായി രൂപപ്പെടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)മൃഗശാലകളിലെ മൃഗങ്ങളെ ചികിൽസിച്ച് പരിചയം നേടിയിട്ടുള്ള ആളുകളെയാണ് ഡോക്ടർമാരായി മൃഗശാലകളിൽ നിയമിച്ചിട്ടുള്ളത്.

(ജി) സംസ്ഥാനത്തെ മൃഗശാലകളിൽ ഏതെങ്കിലും മാതൃകാ മൃഗശാല ആക്കുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, തൃശ്ശൂർ മൃഗശാല അവിടെനിന്നും പുത്തൂരിലേയ്ക്ക് മാറ്റുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയുമോ? തൃശ്ശൂരിൽനിന്നും എന്നാണ് ഈ മൃഗശാല മാറ്റുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : എന്നുമാറ്റുമെന്ന് തീരുമാനിച്ചിട്ടില്ല. അത് മാറ്റിസ്ഥാപിക്കുന്നതിനുവേണ്ടി സ്ഥലം ലഭിക്കുന്നതിനായി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുമായി ചർച്ച നടത്തിവരികയാണ്; അത് പൂർത്തിയായിക്കഴിഞ്ഞാൽ മാത്രമേ ഇതിനെപ്പറ്റി പറയുവാൻ സാധിക്കുകയുള്ളൂ.

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, സംസ്ഥാനത്തെ മൃഗശാലകളിൽനിന്നും ലഭിക്കുന്ന വരുമാനവും, സന്ദർശകരുടെ എണ്ണവും എത്രയാണെന്ന് പറയുമോ? വിദേശ രാജ്യങ്ങളിൽനിന്നും അപൂർവ മൃഗങ്ങളെ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : തിരുവനന്തപുരത്തുനിന്ന് പ്രതിവർഷം ശരാശരി എട്ട് ലക്ഷം സന്ദർശകരും തൃശ്ശൂരിൽനിന്നും പ്രതിവർഷം അഞ്ച് ലക്ഷം സന്ദർശകരുമുണ്ട്. തിരുവനന്തപുരത്തുനിന്നും പ്രതിവർഷം 40 ലക്ഷം രൂപയും തൃശ്ശൂരിൽനിന്നും ശരാശരി 18 ലക്ഷം രൂപയുമാണ് ലഭിക്കുന്നത്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

5 (*235) തെങ്ങുകയറ്റ തൊഴിലാളികൾക്ക് ക്ഷേമാനുകൂല്യങ്ങൾ

ശ്രീ. എ. കണാരൻ :

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കഠിനവും സാഹസികവുമായ തൊഴിലിൽ ഏർപ്പെടുന്ന തെങ്ങുകയറ്റതൊഴിലാളികൾക്ക് എന്തെല്ലാം ക്ഷേമാനുകൂല്യങ്ങൾ നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് തെങ്ങുകയറ്റ തൊഴിലാളികൾക്ക് ഏകോപിതമായ കൂലി വ്യവസ്ഥ നടപ്പാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ വിഭാഗം തൊഴിലാളികൾക്ക് കാലോചിതമായി കൂലിവ്യവസ്ഥ ഉണ്ടാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശമുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ തെങ്ങുകയറ്റ തൊഴിലാളികൾക്ക് തൊഴിൽ സമയത്ത് ഉണ്ടാകാവുള്ള അപകടത്തിന് ചികിൽസാ സഹായവും, മരണപ്പെ

LIBRARY ARCHIVES Kerala Legislative Assembly